**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1943** **29-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച വീട്ടുകൾക്ക് കെ.എസ്.ഇ.ബി. വൈദ്യുതി കണക്ഷൻ നൽകാറുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ ; | (ബി) | മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീട്ടുകൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടി സ്ഥാനത്തിലും വൈദ്യുത കണക്ഷൻ നല്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.04.05.2021 ലെ ബോർഡ് ഉത്തരവ് പ്രകാരം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020-ലെ റെഗുലേഷൻ 4 (9) പ്രകാരം, ലോടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും, പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിത മാക്കുകയും, സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും, കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓൺ-ലൈൻ പഠന സൗകര്യത്തിനായി കെ.എസ്.ഇ.ബി. എന്തൊക്കെ കർമ്മ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ; | (സി) | 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ. ബി.എൽ-ന്റെ തനതു ഫണ്ടിൽ നിന്നും നൽകുന്നുണ്ട്. ഇത് ഓൺലൈൻ പഠന ത്തിനായി വൈദ്യുതി കണക്ഷൻ ആവശ്യപ്പെടുന്ന BPL വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുള്ള വീട്ടുകൾക്കും ബാധകമാണ്. വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല എന്നുള്ള നിവേദനങ്ങളിൽ അവരുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പ്രത്യേക പരിഗണന നൽകിയും സൗജന്യമായി വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി നൽകുന്നുണ്ട്. സർക്കാർ നിർദേശം അനുസരിച്ച സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേക്കായി, വൈദ്യുതി എത്തി യിട്ടില്ലാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിച്ച വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീ കരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന, ജില്ലാ തല സമിതികൾ 05.07.2021 ലെ ഗവൺമെന്റ് ഉത്തരവ് G.O(Rt)no.87/2021/Power Department പ്രകാരം രൂപീകരിക്കുകയും, സമിതിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ഇല്ലാതെ ഓൺലൈൻ പഠനം സാധ്യമാകാത്ത എത്ര വീട്ടുകൾക്ക് നാദാപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് കണക്ഷൻ നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | ഓൺലൈൻ പഠന ആവശ്യത്തിനായി നൽകിയ വൈദ്യുതി കണക്ഷനുകൾ എന്ന കണക്ക് ലഭ്യമല്ല. കെട്ടിട നമ്പർ ഇല്ല എന്ന കാരണത്താൽ വൈദ്യുത കണക്ഷനുകൾ നിഷേധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ